ഹരിജനക്ഷേമവകുപ്പിന്റെ ആഭിമുഖ്യത്തിൽ തുടങ്ങാനുദ്ദേശി ക്കുന്ന പ്രസിദ്ധീകരണം

* 631 [688] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പു മന്ത്രി സദയം മറുപടിനൽകുമോ:

(എ) ഹരിജനക്ഷേമവകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒരു പ്രസി ദ്ധീകരണം തുടങ്ങുന്നതിനെക്കുറിച്ച് ആലോചനയുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേലുള്ള നടപടികൾ എന്തുവരെയായി എന്ന് വിശദീകരിക്കുമോ?*

ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പു മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ) ഉണ്ട്.

(ബി) പ്രാരംഭനടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ശ്രീ. കല്ലട നാരായണൻ: നമ്മുടെ സംസ്ഥാനത്ത് പല വകുപ്പു കളുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും പ്രസിദ്ധീകരണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അതുപോലെ ഹരിജനക്ഷേമവകുപ്പി ന്റെയും ഗിരിജനക്ഷേമവകുപ്പിന്റെയും പ്രവർത്തനങ്ങൾക്ക് കൂടുതൽ അറിയാൻ കഴിയത്തക്കവിധത്തിൽ ഈ പ്രസിദ്ധീകരണം അടുത്തവർഷം മുതൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത് ആവശ്യമാണെന്നു ഗവൺമെന്റിനു ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. കല്ലട നാരായണൻ: നടപടി സ്വീകരിച്ചിട്ടുണ്ടെന്നു പറഞ്ഞാൽ എന്തു നടപടിയാണ്; അതിന്റെ പേര് എന്താണ്?

ശ്രീ. ദാമോദരൻ കാളാശ്ശേരി: ഇതിന്റെ ടൈറ്റിൽ നിശ്ചയി ക്കുന്നത് ഗവൺമെന്റാണ്. അതിനും ആവശ്യമായ നടപടികൾ സ്വീകരി ച്ചിട്ടുണ്ട്.

ശ്രീ. ടി. എം. ജേക്കബ്ബ്: നമ്മുടെ സംസ്ഥാനത്തു വിവിധ ഡിപ്പാർട്ടുമെന്റുകൾ നടത്തുന്ന പ്രസിദ്ധീകരണങ്ങൾ കാര്യക്ഷമമല്ലെന്ന് പരാതി ഉണ്ടായിട്ടുള്ളതുകൊണ്ട് വേറൊരു പ്രസിദ്ധീകരണംകൂടി ഉണ്ടാക്കി അതിന്റെ ബാദ്ധ്യതകൂടി ഏറെടുക്കുന്ന പ്രവണത അവസാനിപ്പിക്കുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അതാതു ഡിപ്പാർട്ടുമെന്റു നടത്തുന്ന പ്രസിദ്ധീകരണങ്ങളുടെ കാര്യം അതാതു ഡിപ്പാർട്ടുമെന്റുതന്നെ പറയേണ്ട താണ്. ഇതിന്റെ ടൈറ്റിൽ നിശ്ചയിച്ചിട്ടില്ല. അതു നിശ്ചയിച്ചു കഴിഞ്ഞാൽ ആരംഭിക്കുന്നതും അതിന്റെ സന്ദേശം എല്ലാ തലങ്ങളിലും എത്തിക്കാൻ ശ്രമിക്കുന്നതും ആയിരിക്കും.

കള്ളിന്റെ ഉൽപ്പാദനവും ഉപയോഗവും

* 632 [689] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഒരു വർഷത്തിൽ ഉൽപ്പാദിപ്പിക്കുന്ന കള്ളെത്ര;

LIBRARY ARCHIVES Kerala Legislative Assembly